"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - കോതമംഗലം ഡിവിഷൻ- തൊടുപുഴ റെയിഞ്ചിലെ വൻതോതിലെ വനം കൊള്ള - അച്ചടക്കനടപടി- ശ്രീ കെ.സി. ഐസക്, റിട്ടയേർഡ് ഫോറസ്റ്റ് ഗാർഡിനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി -ഉത്തരവു പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.11/2022/വനം തീയതി,തിരുവനന്തപുരം, 10/01/2022

പരാമർശം:-

1. തിരുവനന്തപുരം വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22/5/2000ലെ വി.ഇ 3.2233/2000 നമ്പർ കത്ത്.
2. 8-8-2005-ലെ 64/എ1/05/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. സർക്കാർ ഉത്തരവ് (സാധാ) നം. 148/17/വനം തീയതി 15.04.2017
4. ഭരണ വിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23/8/2018 ലെ ബി3-17545/00 നമ്പർ കത്ത്.
5. 21.2.2019 ലെ എ1/102/2018/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. 24/7/2021 ലെ എ1/102/2018/വനം നമ്പർ സർക്കാർ കത്ത്.

<u>ഉത്തരവ്</u>

കോതമംഗലം ഡിവിഷനിലെ തൊടുപുഴ റെയിൽ അനധികൃത മരം മുറിക്കലും വനം കയ്യേറ്റവും നടക്കുതായി ഇടുക്കി ജില്ലാ ജനതാദൾ നിർവ്വാഹകസമിതി അംഗങ്ങൾ സമർപ്പിച്ച പരാതിയിൽ വനം വകുപ്പ് വിജിലൻസ് വിഭാഗം ആന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

2. തൊടുപുഴ റെയിഞ്ചിലെ അനധികൃത മരംമുറി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ഒ.ആർ.3/2000, ഒ.ആർ.4/2000, ഒ.ആർ.5/5000 ഒ.ആർ.6/2000, ഒ.ആർ.7/2000, എന്നീ കേസുകളിൽ സെക്ഷൻ സ്റ്റാഫ് തയ്യാറാക്കിയ മഹസ്സർ തെറ്റായ മഹസ്സറാണെന്നും വിജിലൻസ് വിഭാഗം തയ്യാറാക്കിയ മഹസ്സർ പ്രകാരം സർക്കാരിന് 14,15,983/- രൂപയുടെ നഷ്ടം സംഭവിച്ചതായും കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദികളായവർ താഴെപ്പറയുന്നവരാണെന്നും റിപ്പോർട്ട് ചെയ്തു:-

1. ശ്രീ.എം.യു.ജോസഫ്, റെയിഞ്ച് ഓഫീസർ
2. ശ്രീ.എൻ.അനിൽകമാർ, ഫോറസ്റ്റർ
3. ശ്രീ.റ്റി.വി.സോമൻ, ഫോറസ്റ്റ് ഗാർഡ്
4. ശ്രീ.ഫേബിയസ് തോമസ്, ഫോറസ്റ്റ് ഗാർഡ്
5. ശ്രീ.കെ.സി.ഐസക്, ഫോറസ്റ്റ് ഗാർഡ്
6. ശ്രീ.കെ.കെ.വേലായുധൻ, ഫോറസ്റ്റ് ഗാർഡ്

3. മേൽ കുറ്റാരോപിതരിൽ ശ്രീ.എം.യു.ജോസഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഒഴികെ മറ്റെല്ലാവർക്കും ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ കുറ്റപത്രം നൽകുകയും ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത അന്വേഷണത്തിൽ സ്റ്റാഫ് കുറ്റക്കാരാണെന്ന് കണ്ടെത്തുകയും ആകെ സർക്കാർ നഷ്ടം 9,71,029/- രൂപയാണെന്ന് പുനർ നിർണ്ണയിക്കുകയും ചെയ്തു.

4. ടി കേസിലുൾപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.എം.യു.ജോസഫ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിൽ ആരംഭിക്കുകയും 08.08.2005 തീയതിയായി കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകുകയും ടിയാൻ പ്രതിവാദ പത്രിക സമർപ്പിക്കുയും ചെയ്തിരുന്നു.

5. ശ്രീ. എം.യു. ജോസഫ്, അസിസ്റ്റൻറ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ഉൾപ്പെടെയുള്ള കുറ്റാരോപിതരുടെ ബാദ്ധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കുവാനും കൂടാതെ 30.09.2005 ൽ വിരമിച്ച അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.എം.യു.ജോസഫ്, 31.03.2005 ൽ വിരമിച്ച ശ്രീ.കെ.സി.ഐസക്ക് എന്നിവരിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ വിഹിതം കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം മൂന്ന് ചട്ടം 116 ലെ റൂളിംഗ് നമ്പർ 6 പ്രകാരം സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനും സർവ്വീസിൽ തുടരുന്ന ശ്രീ.എൻ.അനിൽ കുമാർ, ഡെപ്യൂട്ടി റെയിഞ്ചർ, ശ്രീ.ഫേബിയസ് തോമസ്, ഫോറസ്റ്റ് ഗാർഡ്, ശ്രീ.കെ.കെ.വേലായുധൻ, ഫോറസ്റ്റർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ തുടരുവാനും പ്രസ്തുത വിഷയത്തിലുള്ള ആനുപാതിക സർക്കാർ നഷ്ടം, സർവ്വീസ് ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് നിർദ്ദേശം നൽകി.

6. വിരമിച്ച ശ്രീ.റ്റി.വി.സോമന് ഡി.സി.ആർ.ജി യിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം 3, ചട്ടം 3 പ്രകാരം സർക്കാർ നഷ്ടത്തിന്റെ വിഹിതമായ 1,31,570/-രൂപ ഈടാക്കിക്കൊണ്ട് ടിയാനെതിരായ അച്ചടക്ക നടപടി പരാമർശം 3 പ്രകാരം തീർപ്പാക്കി.

7. ശ്രീ എം.യു.ജോസഫിൽ നിന്ന് ആനുപാതിക സർക്കാർ നഷ്ടം സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് ഈടാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോടതി നടപടി സ്വീകരിച്ച് വരുന്നു.

8. എന്നാൽ, ശ്രീ.കെ.സി.ഐസക്, ഫോറസ്റ്റ് ഗാർഡ് (റിട്ട.)-ൽ നിന്നും ആനുപാതിക സർക്കാർ നഷ്ടം സിവിൽ സ്യൂട്ട് ചെയ്ത് ഈടാക്കുന്നതിന്, സേവന പുസ്തകത്തിൽ നൽകിയ വിലാസത്തിലെ മേലുകാവ് വില്ലേജ്, നിലവിൽ താമസിക്കുന്ന കൊല്ലം താലൂക്കിലും ടിയാന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും ഇല്ലായെന്ന് മേലുകാവ് വില്ലേജ് ഓഫീസർ, കൊല്ലം തഹസീൽദാർ, എന്നിവർ അറിയിച്ചിട്ടുള്ളതായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അറിയിച്ചു. ഈ സാഹചര്യത്തിൽ, കെ.സി.ഐസക്, ഫോറസ്റ്റ് ഗാർഡ് (റിട്ട.)-ൽ നിന്നും ആനുപാതിക സർക്കാർ നഷ്ടം ഈടാക്കുന്നതിന് സിവിൽ സ്യൂട്ട് നടപടികൾ ആരംഭിക്കുന്നതിന് സാധിക്കുകയില്ലെന്നു കണ്ടെത്തുകയുണ്ടായി.

9. ഇതിനെ തുടർന്ന് ശ്രീ.കെ.സി.ഐസക്, ഫോറസ്റ്റ് ഗാർഡ് (റിട്ട.)-ൽ നിന്നും ഈടാക്കാനുള്ള സർക്കാർ നഷ്ടമായ 1,31,570/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുവാൻ തീരുമാനിച്ച് പരാമർശം (5)പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ടിയാന് നേരിൽ വന്ന് പരിശോധിക്കുന്നതിന് 6.07.2019 -ന് അവസരം നൽകി. ശ്രീ. കെ.സി. ഐസക്, ഫോറസ്റ്റ് ഗാർഡ് (റിട്ട.) 31.03.2021 -ന് വീണ്ടും വകുപ്പിൽ ഹാജരായി അഡ്വക്കേറ്റിന്റെ സഹായത്താൽ Head quarters ഫയലുകൾ പരിശോധിക്കുകയും ഫയലിലെ ഏകദേശം 170-ഓളം പേജുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടു. രേഖകളുടെ പകർപ്പ് ആവശ്യമെങ്കിൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടാൻ നിർദ്ദേശിച്ചു. 30/4/2021 ലെ ശ്രീ ഐസക്കിന്റെ കത്തിൽ ടിയാന് ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ വിവരാവകാശ പ്രകാരം ആവശ്യപ്പെടണമെന്ന് പറയുന്നത് ശരിയല്ലായെന്നും ഹെഡ്ക്വാർട്ടേഴ്സ് ഫയലിലെ നോട്ട് ഫയലും നടപ്പ് ഫയലും ഒരുമിച്ച് പരിശോധിക്കുന്നതിന് സമയം നിശ്ചയിച്ച് നൽകുന്നതിനും പകർപ്പുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിനും അതിനുശേഷം ഒരു മാസത്തിനുള്ളിൽ വിശദീകരണം നൽകുന്നതാണെന്നുമാണ് ശ്രീ.കെ.സി.ഐസക്ക് അറിയിച്ചിട്ടുള്ളത്. ടിയാന്റെ ഇപ്പോഴത്തെ നിലപാട് അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് മന:പൂർവ്വം കാലതാമസം വരുത്തുന്നതാണെന്ന് കാണുന്നു. ഇത്രയും കാലത്തിനുശേഷവും നടപടി തീർപ്പാക്കുന്നതിന് കഴിയാത്ത അവസ്ഥ സംജാതമായിരിക്കയാണ്. കഴമ്പില്ലാത്ത ആവശ്യങ്ങൾ ഉന്നയിച്ച നടപടി നീട്ടികൊണ്ടുപോകുവാനാണ് ശ്രീ ഐസക് ശ്രമിക്കുന്നത്. നിയമപരമായി നൽകേണ്ട അവസരങ്ങൾ നൽകിയ സാഹചര്യത്തിൽ അച്ചടക്കനടപടി അന്തിമമാക്കുന്നതിനു മുൻപായി ടിയാന് പ്രതിവാദപത്രിക സമർപ്പിക്കാൻ രണ്ടാഴ്ച്ച സമയം കൂടി അനുവദിച്ചിരുന്നു. രണ്ടാഴ്ചക്കുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നു പരാമർശം (6) പ്രകാരം ശ്രീ ഐസക്കിനെ അറിയിച്ചു. ആയതിനും ടിയാൻ മറുപടി നൽകിയിട്ടില്ല. നിരവധി അവസരങ്ങൾ നൽകിയിട്ടും കാരണം കാണിക്കൽ നോട്ടീസ് നൽകി രണ്ടേമുക്കാൽ വർഷത്തിലധികമായിട്ടും പ്രതിവാദ പത്രിക സമർപ്പിക്കാൻ റിട്ടയേർഡ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ . കെ . സി . ഐസക്കിന് കഴിയാത്ത സാചര്യത്തിലും ഇക്കാര്യത്തിലുള്ള തീർപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോകാൻ കഴിയാത്തതിനാലും കാരണം കാണിക്കൽ നോട്ടീസിന് ശ്രീ .ഐസക്കിന് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ സർക്കാർ നഷ്ടത്തിൽ ടിയാന്റെ ആനുപാതിക വിഹിതമായ 1,31,570/- ( ഒരുലക്ഷത്തി മുപ്പത്തയ്യായിരത്തി അഞ്ഞൂറ്റി എഴുപത് ) രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാമെന്ന താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

10. ബന്ധപ്പെട്ട ട്രഷറി ഓഫീസർ ഇത് സംബന്ധിച്ചുള്ള തുടർ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Manoj K
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.സി ഐസക്, റിട്ടയേർഡ് ഫോറസ്റ്റ് ഗാർഡ്.
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, ഈരാറ്റുപേട്ട, കോട്ടയം.
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 10-01-2022 14:01:55
Reason: Approved

സെക്ഷൻ ഓഫീസർ